**GAZETTE DATE : 31.08.2026**
**LAST DATE : 07.10.2026**

# CATEGORY NO. 139/2026 – 142/2026

## FIRST NCA NOTIFICATION

Applications are invited online only exclusively from qualified candidates belonging to the under mentioned communities of Kerala State for NCA selection to the following Post. Applications shall be submitted through the official website of Commission after ONE TIME REGISTRATION. Candidates who have registered can apply through their profile. Candidates who have AADHAR card should add AADHAR as ID proof in their Profile.

1. **Department** : **Fire and Rescue Services**
2. **Name of post** : **Fire & Rescue Officer (Trainee)**
3. **Scale of Pay** : **₹ 27,900-63,700/-**
4. **Number of Vacancies** :

| Cat.No. | Community | Number of Vacancies |
|---|---|---|
| 139/2026 | Scheduled Caste Converts to Christianity | 2 (Two) |
| 140/2026 | Latin Catholic/Anglo Indian | 3 (Three) |
| 141/2026 | Viswakarma | 1 (One) |
| 142/2026 | SIUC Nadar | 1(One) |

Note i: Applications submitted by candidates belonging to the communities other than the above mentioned communities will be summarily rejected. No rejection memo will be issued to such candidates.

Note ii: Differently Abled and female candidates are not eligible to apply for this post

Note iii: The above vacancies are now in existence. The Ranked list published as per this notification shall remain in force until candidates are advised and appointed against the vacancies earmarked for the above communities, but remain unfilled due to paucity of candidates during the currency of Mother Ranked List published for the post. This is the first NCA notification due to the non availability of qualified candidates in the above mentioned communities from the mother ranked lists published for the post. The details of ranked lists are as follows.

| Ranked List No. and date of publication of Rank list. | Category No. |
|---|---|
| 249/2025/ROQ Dated 10.03.2025 | 188/2023 |

Note iv: The name, age limit and qualification of this post has been prescribed as per G.O. (P) No.99/88/Home dated 17.08.1988, G.O.(P) No. 110/90/Home dated 27.07.1990, G.O.(P) No. 243/2014/Home dated 26.11.2014, G.O. (Ms). No. 185/2019/Home dated 23.11.2019, G.O(Ms) No. 8/2026/PARD dated 27.02.2026 etc.

Note v: NCC Cadets having 'A”, 'B' & 'C' Certificates will be given weightage marks at the rate of 2%, 3% and 5% respectively as per GO(Ms)No.112/2007/H.Edn, dated 21.08.2007.

Note vi: Extra marks will be awarded to meritorious sports persons as per para 6 of the General Conditions.

Note vii: Students Police Cadet (SPC) certificate holders will be given weightage marks as per GO(Ms)No.06/2025/P&ARD dated 01.03.2025

5. **Method of appointment** : **Direct recruitment** (from candidates belonging to the above mentioned communities only.

6. **Age Limit :** 18 –33.

Only candidates born between 02.01.1993 and 01.01.2008 (both dates included) are eligible to apply for this post. In the case of adult members of SC and their children converted to Christian religion the upper age limit shall be 35 years ie. candidates born between 02.01.1991 & 01.01.2008 (Including age relaxation as per para 2(1) of the general conditions).

Note: Other conditions regarding age relaxation in para 2 of Part II general conditions of the Gazette Notification are not applicable to this selection.

7. **Qualifications:**

1. **Educational Qualifications:**

Must have passed Plus Two or its equivalent Examination

**Preferential:** Diploma in Computer Application

(Link)

EQUIVALENT/HIGHER QUALIFICATION

Note: a) (KS & SSR Rule 10(a)(ii) Part II applicable)

b) In addition to the qualifications prescribed in the Notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent/ higher qualifications shall be produced as and when required by the Commission.

2. **Physical Qualifications**

The Candidates must be physically fit and should possess the following minimum physical standards as prescribed below

| | | |
|---|---|---|
| (a) | Height(Without Footwear) | 165 cms |
| (b) | Weight | 50 Kgs |
| (c) | Chest | 81 cms |
| (d) | Chest Expansion | 5 cms |

Note: Physical Measurement of the candidates will be taken prior to the Physical Efficiency test and those who do not satisfy the prescribed Physical standards will not be allowed to participate in the Physical Efficiency test under any circumstances.

3. **Must have proficiency in swimming**

Note: The proficiency in swimming will be tested by a practical test conducted by the commission. The following are the criteria for the swimming test.

(i) 50m swimming trial to be completed within two minutes.

(ii) Two minute floating ability at the deeper sides of the swimming pool. Candidate must qualify both the events to be considered as qualified in the swimming test.

4. **Visual Standards** Must possess the Visual Standards specified below without glasses.

| | | Right Eye | Left Eye |
|---|---|---|---|
| (a) | Distant vision | 6/6 Snellen | 6/6 Snellen |
| (b) | Near vision | 0.5 Snellen | 0.5 Snellen |
| (c) | Field of Vision | Full | Full |

Note: (a) Each Eye must have a Full Field of Vision

(b) Colour Blindness, Squint or any Morbid Conditions of the Eye or Lids of either Eye shall be a disqualification for appointment.

(c) Candidates should produce a Medical Certificate issued by a Medical Officer not below the rank of a Civil Surgeon as to the candidate's physique, fitness and capacity for rough outdoor work and also of the visual standards. Candidates should produce Medical Certificate in original in the following format as and when called for by the Commission.

# MEDICAL CERTIFICATE

[to be obtained from a Medical Officer not below the rank of a **Civil Surgeon**]

I have this day, medically examined Sri. …........................................................................... …...............................................................................................................(Name & Address) and found that he has no disease or infirmity, his hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervous system is perfectly normal and free from any infectious diseases which would render him unsuitable for Government Service. His age, according to his own statement is …………and by appearance is …........... his standards of vision are as follows:-

| **I. STANDARDS OF VISION (without glasses)** | | | |
|---|---|---|---|
| | | **Right Eye** | **Left Eye** |
| 1 | Distant Vision | ...........Snellen | ...........Snellen |
| 2 | Near Vision | ...........Snellen | ...........Snellen |
| 3 | Field of Vision | ..................... | ...................... |
| [Specify whether **Full** or **Not**] (Entry 'Normal', 'Good', 'Average' etc., will be inappropriate here) | | | |
| 4 | Colour Blindness | | |
| 5 | Squint | | |
| 6 | Any morbid conditions of the eye or lid of either eye. | | |
| **II. IDENTIFICATION MARKS** | | | |
| 1. ………………………………….....................................…………………….…................... | | | |
| 2. ………………………………………....................................…………….…................... | | | |

He is Physically Fit and have capacity for arduous outdoor work for the post of Fire and Rescue Officer (Trainee) in Fire and Rescue Services Department.

I certify to the best of my knowledge and belief that the applicant Sri.......................... …..................................... …..…...........................is the person herein above described and that the attached photograph has a reasonably correct likeness.

Photo of the Candidate

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

Note: Details regarding standards of vision should be clearly stated in the Certificate as given above and vague statement such as "Vision Normal/Good/Average" will not be accepted. Specification for each eye should be stated separately against each item. If the specifications are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.

5. **Physical Efficiency Test**

A Physical Efficiency test will be conducted by the commission to assess the physical efficiency of the candidates. Candidates must qualify in at least 5 out of 8 items in the physical efficiency test showing the minimum standards of efficiency as noted below.

| Sl. No. | Items | Standard of Efficiency |
|---|---|---|
| 1. | 100 Meters Run | 14 Seconds |
| 2. | High Jump | 132.2 cm |
| 3. | Long Jump | 457.2 cm |
| 4. | Putting the Shot (7264 grams) | 609.6 cm |
| 5. | Throwing the cricket ball | 6096 cm |
| 6. | Rope Climbing(only with hands) | 365.80 cm |
| 7. | Pull Ups or chinning | 8 times |
| 8. | 1500 Meter Run | 5 minutes 44 Seconds |

Note: (a) If accidents or injuries happen to a candidate while participating in the Physical Efficiency Test, he will not be given further chance to participate in the test.

(b) The tentative Schedule of the Physical Efficiency Test and swimming test will be published in the official website of the Kerala Public Service Commission.

8. **Preferential:-** Other conditions being equal, the Home Guard Volunteers who have completed a tenure of three years in that organizations and who have satisfactorily undergone training in Fire Fighting during the period of tenure shall be treated as having preferential qualification for direct recruitment to this post.

9. **Probation:-**Every Person appointed to the post shall from the date on which he joins duty after he completes the training and examination will be on probation for a period of two years on duty within a continuous period of three years.

10. **Training:-**

The successful completion of the training will be a prerequisite qualification for the post.

(I) Training for a period of 6 months in the State Fire Service Training School or in any other institution as may be fixed, and pass the examination in the subject prescribed for the course.

(II) After the above training Six months practical training at a Fire station and a pass in the examination in the subjects prescribed for the course.

Note: (i) A Written and practical test will be conducted during the last fortnight of the period of training at the close of training. Those who fail to qualify in either on or both tests shall have their training extended for a further period of one month, at the end of which they shall be tested again in the subjects in which they failed. The Director of Fire & Rescue Services shall allow a third chance to pass the course to those who fail at the re-test.

(ii) Seniority among Recruits, who have qualified in the test conducted by Fire and Rescue Services Academy shall be determined on the basis of effective advice of KPSC and they shall be appointed to service on the basis of seniority list, only after completion of successful training.

11. **Bond:-** A Person appointed by direct recruitment to the post of Fire and Rescue Officer shall execute a bond, binding himself to serve in the department for a period of 7 years and to pay to Government an amount as prescribed by the Government in case of failure to serve in the department for the said period.

12. **Mode of Submitting applications:-**

(A) Candidates shall register as per 'ONE TIME REGISTRATION ' system on the Official Website of Kerala Public Service Commission 'www.keralapsc.gov.in' for applying for the post. Candidates who have registered shall apply by logging on to their profile using their User- ID

and password. Candidates shall click on the 'Apply Now' button of the respective posts in the Notification link for applying for a post. **The candidate who have created new profile should upload photograph which is taken within six months.** Name of the candidate and date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before applying for a post, candidates must ensure correctness of the information in their profile. They must quote the User- ID for further communication with the Commission. Applications once submitted will be received as provisional and particulars cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age, etc., have to be produced as and when called for.

**(B)** If written/OMR/Online Test is conducted as part of this selection, candidates possessing requisite qualification as per Para 7 above alone shall submit a Confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will given to the candidates in their respective profiles and in the mobile phones registered in it.

12. Last date for Submission of applications :- **07.10.2026** Wednesday upto 12.00 midnight.

13. Address to which applications are to be submitted: - www.keralapsc.gov.in

**14. Special Instructions to Candidates:-**

(A) Candidaetes who receive a profile message at any stage of the selection process directing them to upload documents to prove their qualifications and other claims should do so within the stipulated time; otherwise he will not be considered for the next stage of the selection.

(B) In the case of difference in caste/ community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Non Creamy Layer Certificate/ Community Certificate at the time of Certificate Verification.

(C) Candidates are required to acquaint themselves with the instructions given in the notification as Part-II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(D) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc., and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/ practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For details including photo, ID card etc., refer the General Conditions given in Part II of the Gazette Notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 139/2026 – 142/2026

### ഒന്നാം എൻ.സി.എ വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ താഴെ പറയുന്ന സംവരണ സമുദായത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും NCA ഒഴിവിലേക്ക് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ്.

1. **വകുപ്പ്** : **ഫയർ ആന്റ് റെസ്ക്യൂ സർവീസസ്**

2. **ഉദ്യോഗപ്പേര്** : **ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ട്രെയിനി)**

3. **ശമ്പളം** : **₹ 27,900-63,700/-**

4. **ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നമ്പർ | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 139/2026 | പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർ | 02 (രണ്ട്) |
| 140/2026 | ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ | 03 (മൂന്ന്) |
| 141/2026 | വിശ്വകർമ്മ | 1 (ഒന്ന്) |
| 142/2026 | എസ്.ഐ.യു.സി. നാടാർ | 1 (ഒന്ന്) |

കുറിപ്പ് i: മുകളിൽ പരാമർശിക്കുന്ന വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

കുറിപ്പ് ii: ഭിന്നശേഷിയുള്ളവർ, സ്ത്രീകൾ എന്നിവർ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

കുറിപ്പ് iii: മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് പ്രസിദ്ധീകരിച്ച മാതൃ റാങ്ക് പട്ടികയുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കി വച്ചിട്ടുള്ളതും എന്നാൽ മേൽ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയായിരിക്കും. മാതൃ റാങ്ക് പട്ടികയിൽ നിന്നും മേൽ സൂചിപ്പിച്ച വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭ്യമാകാത്തതിനാലുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനമാണിത്. മേൽ റാങ്ക് പട്ടികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| റാങ്ക് ലിസ്റ്റ് നമ്പരും പ്രസിദ്ധപ്പെടുത്തിയ തീയതിയും | കാറ്റഗറി നമ്പർ |
|---|---|
| 249/2025/ROQ തീയതി 10.03.2025 | 188/2023 |

കുറിപ്പ് iv: 17.08.1988-ലെG.O. (P) No.99/88/Home, 27.07.1990-ലെ G.O.(P) No. 110/90/Home, 26.11.2014-ലെ G.O.(P) No. 243/2014/Home, 23.11.2019-ലെ G.O. (Ms). No. 185/2019/Home, 27.02.2026 തീയതിയിലെ GO(Ms)No.8/2026/PARD തുടങ്ങിയ സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യത എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

കുറിപ്പ് v: 21.08.2007 തീയതിയിലെ GO(Ms)No.112/2007/H.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരംഎൻ.സി.സി. 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

കുറിപ്പ് vi: പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 6 പ്രകാരം പ്രഗത്ഭരായ കായിക താരങ്ങൾക്ക് അധിക മാർക്ക് നൽകുന്നതാണ്.

കുറിപ്പ് vii: 01.03.2025 തീയതിയിലെ GO(Ms)No.06/2025/P&ARD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (SPC) സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

5. **നിയമനരീതി** : **നേരിട്ടുള്ള നിയമനം** (മുകളിൽ പരാമർശിക്കുന്ന വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

6. **പ്രായപരിധി** **18-33**

ഉദ്യോഗാർത്ഥികൾ 02/01/1993 നും 01/01/2008 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പ്രായപൂർത്തിയായതിന് ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്ത്യൻ സമുദായത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 35 വയസ്സ്. ഇപ്രകാരമുള്ള

ഉദ്യോഗാർത്ഥികൾ 02.01.1991 നും 01.01.2008 നും ഇടയിൽ ജനിച്ചവരായിരിക്കണം. (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(1) ൽ പ്രതിപാദിച്ചിരിക്കുന്ന വയസ്സിളവ് ഉൾപ്പെടെ).

കുറിപ്പ് : വയസ്സിളവിനെ സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് പൊതു വ്യവസ്ഥയിൽ ചേർത്തിട്ടുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7. യോഗ്യതകൾ**

**1 വിദ്യാഭ്യാസ യോഗ്യതകൾ**

പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം.

**മുൻഗണന :** കംപ്യൂട്ടർ ആപ്ലിക്കേഷനിലുള്ള ഡിപ്ലോമ.

(Link)

EQUIVALENT/HIGHER QUALIFICATION

കുറിപ്പ് : a) (KS & SSR Part II Rule 10(a)(ii) ബാധകമാണ്.)

b) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**2 ശാരീരിക യോഗ്യതകൾ**

ഉദ്യോഗാർത്ഥികൾക്ക് താഴെപ്പറയുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

| | | |
|---|---|---|
| (a) | ഉയരം (പാദരക്ഷകളില്ലാതെ) | 165 സെ.മീ |
| (b) | തൂക്കം | 50 കി.ഗ്രാം |
| (c) | നെഞ്ചളവ് | 81 സെ.മീ |
| (d) | നെഞ്ച് വികാസം | 5 സെ.മീ |

കുറിപ്പ്: കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി ശാരീരിക അളവുകൾ എടുക്കുന്നതായിരിക്കും. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും കായികക്ഷമതാ പരീക്ഷയ്ക്ക് പങ്കെടുപ്പിക്കുന്നതല്ല.

**3 നീന്തലിൽ പ്രാവീണ്യം ഉണ്ടായിരിക്കണം**

കുറിപ്പ്: നീന്തലിലുള്ള പ്രാവീണ്യം തെളിയിക്കുന്നതിന് കമ്മീഷൻ താഴെപ്പറയുന്ന രീതിയിൽ പ്രായോഗിക പരീക്ഷ നടത്തുന്നതാണ്.

(i) രണ്ട് മിനിറ്റിനുള്ളിൽ 50 മീറ്റർ നീന്തി പൂർത്തിയാക്കണം.

(ii) നീന്തൽക്കുളത്തിന്റെ ആഴം കൂടിയ ഭാഗത്ത് 2 (രണ്ട്) മിനിറ്റ് വെള്ളത്തിൽ പൊങ്ങി കിടക്കാനുള്ള കഴിവ്. ഉദ്യോഗാർത്ഥികൾ മേൽ സൂചിപ്പിച്ച രണ്ട് ഇനങ്ങളും വിജയിച്ചാൽ മാത്രമേ നീന്തൽ പരീക്ഷയിൽ വിജയിച്ചതായി കണക്കാക്കുകയുള്ളു.

**4 കാഴ്ചശക്തി:** കണ്ണട കൂടാതെ തന്നെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടായിരിക്കണം.

| | കാഴ്ച | <u>വലതുകണ്ണ്</u> | <u>ഇടതു കണ്ണ്</u> |
|---|---|---|---|
| (എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| (സി) | ഫീൽഡ് ഓഫ് വിഷൻ | പൂർണ്ണം | പൂർണ്ണം |

കുറിപ്പ്:

i ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

ii വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

iii കായികശേഷി, ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, കാഴ്ചശക്തി ഇവ സംബന്ധിച്ച് സിവിൽ സർജന് താഴെയല്ലാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ചുവടെ ചേർത്തിരിക്കുന്ന മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

# <u>MEDICAL CERTIFICATE</u>

[to be obtained from a Medical Officer not below the rank of a **Civil Surgeon**]

I have this day, medically examined Sri. ........................................................................................................................................................................................................................................(Name & Address) and found that he has no disease or infirmity, his hearing is perfect, his muscles and joints are free from paralysis and all joints are with free movements and his nervous system is perfectly normal and free from any infectious diseases which would render him unsuitable for Government Service. His age, according to his own statement is ...........and by appearance is ............ his standards of vision are as follows:-

**I. STANDARDS OF VISION (without glasses)**

| | | Right Eye | Left Eye |
|---|---|---|---|
| 1 | Distant Vision | ...........Snellen | ...........Snellen |
| 2 | Near Vision | ...........Snellen | ...........Snellen |
| 3 | Field of Vision | ..................... | ...................... |

[Specify whether **Full** or **Not**] (Entry 'Normal', 'Good', 'Average' etc., will be inappropriate here)

4 Colour Blindness

5 Squint

6 Any morbid conditions of the eye or lid of either eye.

**II. IDENTIFICATION MARKS**

1. ..............................................................................................................

2. ..............................................................................................................

He is Physically Fit and have capacity for arduous outdoor work for the post of Fire and Rescue Officer (Trainee) in Fire and Rescue Services Department.

I certify to the best of my knowledge and belief that the applicant Sri.......................... ......................................... ...... ............................is the person herein above described and that the attached photograph has a reasonably correct likeness.

| Photo of the Candidate |
|---|

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

കുറിപ്പ്: കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാത്ത സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**5. കായികക്ഷമതാ പരീക്ഷ:**

കായികക്ഷമത നിർണ്ണയിക്കുന്നതിനായി കമ്മീഷൻ കായികക്ഷമതാ പരീക്ഷ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷയിൽ താഴെ കൊടുത്തിരിക്കുന്ന 8 ഇനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | കായികക്ഷമതാ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ്:** (a) കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

(b) കായികക്ഷമതാ പരീക്ഷ, നീന്തൽ പരീക്ഷ എന്നിവയുടെ Tentative schedule കേരള പബ്ലിക് സർവീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

8. **മുൻഗണന:** മറ്റ തരത്തിൽ തുല്യമാകുന്നപക്ഷം ഹോംഗാർഡായി മൂന്നുവർഷക്കാലം സേവനം പൂർത്തിയാക്കുകയും പ്രസ്തുത കാലയളവിൽ ഫയർ ഫൈറ്റിംഗിന്റെ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്ത വോളന്റിയർമാർക്ക് ഈ തസ്തികയ്ക്ക് നിയമനത്തിന് മുൻഗണന നൽകുന്നതാണ്.

9. **പ്രൊബേഷൻ:** ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ട്രെയിനിംഗും പരീക്ഷയും പൂർത്തിയാക്കിയ ശേഷം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10. **ട്രെയിനിംഗ്:**

ടി തസ്തികയിൽ നിയമിക്കപ്പെടേണ്ടതിന് പരിശീലനം വിജയകരമായി പൂർത്തീകരിക്കേണ്ടതാണ്.

(i) സ്റ്റേറ്റ് ഫയർ സർവ്വീസ് ട്രെയിനിംഗ് സ്കൂളിലോ അതിനായി നിശ്ചയിച്ചിരിക്കുന്ന മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ആറ് മാസത്തെ പരിശീലനം പൂർത്തിയാക്കേണ്ടതും, അതിനു ശേഷം പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ പാസ്സാകേണ്ടതുമാണ്.

(ii) മേൽപ്പറഞ്ഞ പരിശീലനത്തിനു ശേഷം ഏതെങ്കിലും ഒരു ഫയർ സ്റ്റേഷനിൽ ആറ് മാസത്തെ പ്രായോഗിക പരിശീലനം പൂർത്തിയാക്കേണ്ടതും പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ പാസ്സാകേണ്ടതുമാണ്.

കുറിപ്പ്: (i) ട്രെയിനിംഗ് കാലയളവിന്റെ അവസാന രണ്ടാഴ്ചയിൽ ഒരു എഴുത്തു പരീക്ഷയും ഒരു പ്രായോഗിക പരീക്ഷയും നടത്തുന്നതും അവയിൽ പരാജയപ്പെടുന്നവരുടെ ട്രെയിനിംഗ് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതും വീണ്ടും അവർക്ക് പരാജയപ്പെട്ട വിഷയങ്ങളിൽ ടെസ്റ്റ് നടത്തുന്നതുമാണ്. പുനഃപരീക്ഷയിൽ പരാജയപ്പെടുന്നവർക്ക് കോഴ്സ് പാസ്സാകുന്നതിന് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ മൂന്നാമതൊരു അവസരം കൂടി നൽകുന്നതാണ്.

(ii) പരിശീലനം വിജയകരമായി പൂർത്തിയാക്കി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി നടത്തുന്ന ടെസ്റ്റ് യോഗ്യതയും നേടിയ ട്രെയിനികളെ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ നിയമന ശിപാർശാ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ സേവനത്തിലേക്ക് നിയമിക്കുന്നതാണ്.

11. **ബോണ്ട്:** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നയാൾ പരിശീലനത്തിനു ശേഷം കുറഞ്ഞത് 7 വർഷമെങ്കിലും നിർബന്ധമായും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്. അതിനു കഴിയാതെ വന്നാൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന തുക സംസ്ഥാന ഗവൺമെന്റിന് ഒടുക്കാമെന്ന് കാണിക്കുന്ന ഒരു ബോണ്ട് നിയമന സമയത്ത് നൽകേണ്ടതാണ്.

12. **അപേക്ഷ അയയ്ക്കേണ്ട രീതി:-**

**(A)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും passwordഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload

ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**(B)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുളള യോഗ്യതയുളള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിതസമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാക്കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

13. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **07.10.2026** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.

14. അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ്: www.keralapsc.gov.in

15. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:-**

**(A)** തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള യോഗ്യതയോ, മറ്റ് വസ്തുതകളോ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ അപ് ലോഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊഫൈൽ സന്ദേശം ലഭിക്കുന്നപക്ഷം അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ അവ അപ് ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം രേഖകൾ അപ് ലോഡ് ചെയ്യാത്ത ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന്റെ തുടർഘട്ടത്തിലേക്ക് പരിഗണിക്കുന്നതല്ല.

**(B)** ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(C)** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**(D)** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽ പ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

**|സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**